പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2549 **28-10-2026-ൽ മറുപടിയ്ക്ക്**

2016-2021, 2021-2026 പട്ടികജാതി ചികിത്സാ ധനസഹായം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. യു. ആർ. പ്രദീപ്

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) 2016 - 2021, 2021- 2026 കാലയളവുകളിൽ ചേലക്കര നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പു മുഖേന എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്; ഓരോ 5 വർഷത്തെയും ആകെ തുകയും എണ്ണവും അടക്കമുള്ള കണക്ക് പ്രത്യേകം വിശദമാക്കാമോ;

മറുപടി: ചേലക്കര നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പു മുഖേന ചികിത്സാ ധനസഹായമായി 2016 – 2021 കാലയളവിൽ 1873 പേർക്ക് 3,10,93,500 രൂപയും 2021-2026 കാലയളവിൽ 1279 പേർക്ക് 3,23,79,600 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ചേലക്കര മണ്ഡലത്തിൽ പട്ടികജാതി വകുപ്പു മുഖേന അനുവദിച്ച ചികിത്സാ ധനസഹായത്തിന്റെ ആകെ തുകയും അനുവദിച്ചവരുടെ എണ്ണവും വ്യക്തമാക്കാമോ?

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ ചേലക്കര മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പു മുഖേന ചികിത്സാ ധനസഹായമായി 31 പേർക്ക് ആകെ 8,30,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ